# തിരുവിതാംകൂർ ദേവസ്വം ബോർഡ്

R.O.C.No.1095/22/Sty.

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 09.03.2022

## പരസ്യം

തിരുവിതാകൂർ ദേവസ്വം ബോർഡിൽ സൂക്ഷിച്ചിരിക്കുന്ന ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിലെ പഴയ ന്യൂസ് പേപ്പറുകൾ വാങ്ങാൻ താല്പര്യമുള്ളവരിൽ നിന്നും **19.03.2022 പകൽ 11 മണിക്കകം** ലഭിക്കും വിധം കവറിനുള്ളിൽ അടക്കം ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. കവറിന്റെ പുറത്ത് ന്യൂസ് പേപ്പർ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതും ഓരോ ക്വട്ടേഷനോടൊപ്പം 500/-രൂപ (അഞ്ഞൂറ്) നിരതദ്രവ്യം കൂടി ഹാജരാക്കേണ്ടതാണ്. ക്വട്ടേഷനിൽ പഴയ ന്യൂസ് പേപ്പർ ഇംഗ്ലീഷ്, മലയാളം എന്നിവയ്ക്ക് പ്രത്യേകം കിലോയ്ക്ക് റേറ്റ് രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ അന്നേ ദിവസം മൂന്ന് മണിക്ക് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആളിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതും, പത്ത് ദിവസത്തിനകം ന്യൂസ് പേപ്പറുകൾ ക്വട്ടേഷൻ അനുവദിച്ച് ലഭിക്കുന്ന ആൾ സ്വന്തം ചെലവിൽ കൊണ്ടു പോകേണ്ടതുമാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരികെ നൽകുന്നതുമാണ്. ക്വട്ടേഷൻ അനുവദിച്ച് ലഭിക്കുന്ന ആൾ മൂന്ന് ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെയോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷൻ ലഭിച്ച ആളിന്റെ ചുമതലയിൽ പേപ്പറുകൾ പ്രത്യേകം തൂക്കി, തൂക്കം ബോദ്ധ്യപ്പെടുത്തേണ്ടതും അപ്രകാരം ഏറ്റുവാങ്ങുന്ന സാധനങ്ങൾക്ക് ക്വാട്ട് ചെയ്തിരിക്കുന്ന റേറ്റ് അനുസരിച്ച് മുഴുവൻ തുകയും ഈ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതും തുടർന്ന് ന്യൂസ് പേപ്പറുകൾ ദേവസ്വം ബോർഡാഫീസ് ഡഫേദാറുടെ മേൽനോട്ടത്തിൽ ആഫീസ് വക സാധനങ്ങൾക്ക് യാതൊരുവിധ കേടുപാടുകളും വരാതെ മാറ്റേണ്ടതുമാണ്.

മേൽ വിവരിച്ച ന്യൂസ് പേപ്പറുകൾ **16.03.2022-ാം തീയതി 5 മണി** വരെ പരിശോധിക്കാവുന്നതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരാകരിക്കുന്നതിനും ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **16.03.2022** നു മുൻപായി പ്രവർത്തി സമയം ബോർഡ് ആഫീസ് അസിസ്റ്റന്റ് സെക്രട്ടറി (**'ബി' സെക്ഷൻ**) യുമായി ബന്ധപ്പെടേണ്ടതാണ്.

**തിരുവിതാകൂർ ദേവസ്വം ബോർഡിനു വേണ്ടി**

Gayathri

സെക്രട്ടറി